DESPATCHED
22/06/2020
3/3/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 234*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1105/*എസ്.ഐ.സി-ജി 6/18*)**

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. മോഹനൻ പി.എസ്.,
പെരിമ്പിള്ളിക്കട്ടയിൽ,
മുളക്കുളം നോർത്ത് പി.ഒ.,
പിറവം – 686 664. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ശിശുവികസന പദ്ധതി ഓഫീസർ,
ശിശുവികസന പദ്ധതി ഓഫീസറുടെ കാര്യാലയം,
ഇരിണാവ് പി.ഒ., കണ്ണൂർ – 670 301.

2. അപ്പീൽ അധികാരി&
ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ കാര്യാലയം,
കണ്ണൂർ.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.07.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07.08.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 21.11.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.01.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 02.02.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.മോഹനൻ പി.എസ്സ്., 29.01.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 02.02.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.234(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ലെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് ഒന്നാം അപ്പീൽ അധികാരിയുടെ തീരുമാനപ്രകാരവും ടിയാന് പൂർണ്ണമായ വിവരം ലഭ്യമായില്ലെന്നും ഇത്തരത്തിൽ ലഭ്യമാക്കിയ മറുപടികളും മറുപടി നൽകുന്നതിൽ ഉണ്ടായ കാലതാമസവും ടിയാന് പല വിധ കഷ്ടനഷ്ടങ്ങൾ ഉണ്ടായെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 03.07.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കല്ല്യാശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിലെ 2016 സെപ്റ്റംബർ മുതൽ 2017 മേയ് വരെയുള്ള കാലയളവിലെ സി.ഡി.പി.ഒ.യുടെ പേര്, ടി ഓഫീസറുടെ സ്ഥിരമേൽവിലാസം, നിലവിലെ തസ്തികയിലേയ്ക്കുള്ള നിയമനം നേരിട്ടുള്ള നിയമനമാണോയെന്നും തുടങ്ങി 20 ഇനങ്ങളിലായുള്ള വിവരങ്ങളും ചില ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്. ആയതിന് 07.08.2017ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 21.11.2017ന് മറുപടി നൽകിയതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി 19.03.2018ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ അപാകത കാണിച്ചുകൊണ്ട് നൽകിയ ഒന്നാം അപ്പീലിന്മേൽ 04.11.2017ന് ഇരുകക്ഷികളെയും ഹിയറിംഗിനു വിളിക്കുകയും ടി ഹിയറിംഗിൽ ടിയാന്റെ അപേക്ഷയ്ക്കു നൽകിയ മറുപടി തൃപ്തികരമല്ലെന്നും ഹർജിക്കാരൻ ബോധിപ്പിച്ചു. ടി മൊഴിയുടെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷിയെ നേരിൽ കേൾക്കുകയും ഹിയറിംഗിലെ തീരുമാന പ്രകാരം ടിയാന്റെ അപേക്ഷയ്ക്ക് കൃത്യമായ മറുപടി നൽകാനും 19-ാം ഇനത്തിന് പൂർണ്ണമായ മറുപടി നൽകാനും ഹർജിക്കാരനോട് ഫീസ് ഒടുക്കി മുഴുവൻ രേഖകളുടെ സാക്ഷ്യ

പ്പെടുത്തിയ പകർപ്പു നൽകാനും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം ടിയാന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ പരാതിയ്ക്ക് പൂർണ്ണമായ പരിഹാരം ഉണ്ടായിട്ടില്ലെന്നും 4 ദിവസത്തെ ശമ്പളം ലഭ്യമാക്കാത്തതു സംബന്ധിച്ചാണ് ടിയാന്റെ ആക്ഷേപമെന്നും, വർക്ക് ഡയറി സമർപ്പിച്ചാലേ ശമ്പളം നൽകാൻ കഴിയുകയുള്ളുവെന്നും, ടി വർക്ക് ഡയറി നാളിതുവരെ സമർപ്പിച്ചിട്ടില്ലെന്നും അതുകൊണ്ടാണ് 4 ദിവസത്തെ ശമ്പളം നൽകാൻ കഴിയാത്തതെന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയിലെ 16-ാം ഇനത്തിന് മറുപടി നൽകാത്തത് സംബന്ധിച്ച് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ വിശദീകരണം ആരാഞ്ഞപ്പോൾ പ്രസ്തുത ചോദ്യം വ്യക്തമല്ലാത്തതിനാലാണ് അപ്രകാരം മറുപടി നൽകിയതെന്നാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിനാലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 03-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/